പഞ്ചായത്തുകൾ

* 80 [107] ശ്രീ. സി. പി. ഗോവിന്ദൻ നമ്പ്യാർ :
,, പി. ഐ. പൗലോസ് :
,, തുണ്ടത്തിൽ കുഞ്ഞുകൃഷ്ണപിള്ള :
,, എം. ഐ. മാർക്കോസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരളത്തിൽ ഇപ്പോൾ ആകെ എത്ര പഞ്ചായത്തുകളുണ്ട് ;

(ബി) ഇതിൽ തെരഞ്ഞെടുക്കപ്പെട്ട കമ്മിറ്റികളും പ്രസിഡൻറുമാരും ഉള്ള എത്ര പഞ്ചായത്തുകളുണ്ട് ;

(സി) എത്ര പഞ്ചായത്തു കമ്മിറ്റികളും പിരിച്ചുവിട്ടിട്ടുണ്ട് ; എത്ര പഞ്ചായത്തികളിൽ അഡ്മിനിസ്ട്രേറ്റീവ് കമ്മിറ്റികളും നിലവിലുണ്ട് ;

(ഡി) ഏതെങ്കിലും പഞ്ചായത്തുകളും ഇനിയും വിഭജിക്കാൻ ഉദ്ദേശമുണ്ടോ ?

തദ്ദേശ സ്വയംഭരണ മന്ത്രി (ശ്രീ. കെ. അവുക്കാദർകുട്ടി നഹ) :

(എ) കേരളത്തിൽ ഇപ്പോൾ ആകെ 972 പഞ്ചായത്തുകളുണ്ട്.

(ബി) ഇതിൽ തെരഞ്ഞെടുക്കപ്പെട്ട കമ്മിറ്റികളും പ്രസിഡൻറുമാരും ഉള്ള 849 പഞ്ചായത്തുകളുണ്ട്.

(സി) അഞ്ച് പഞ്ചായത്തു കമ്മിറ്റികളും പിരിച്ചു വിട്ടിട്ടുണ്ട്. 119 പഞ്ചായത്തുകളിൽ അഡ്മിനിസ്ട്രേറ്റീവ് കമ്മിറ്റികളും നിലവിലുണ്ട്.

(ഡി) ഉണ്ട്.

കുടുംബാസൂത്രണ പരിപാടികളും സംബന്ധിച്ച് ഈ വർഷത്തെ ടാർഗറ്റ്

* 81 [108] ശ്രീ. സി. ബി. സി. വാര്യർ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) കുടുംബാസൂത്രണ പരിപാടികളും സംബന്ധിച്ച് നമ്മുടെ സംസ്ഥാനത്തിൻെറ ഈ വർഷത്തെ ടാർജറ്റ് എന്താണ് ;

(ബി) പ്രസ്തുത ടാർജറ്റ് പൂർത്തിയാക്കാൻ കഴിയുമെന്നു പ്രതീക്ഷിക്കുന്നുണ്ടോ ;

(സി) തൻമൂലം ജനസംഖ്യാ വർദ്ധനവിൻെറ നിരക്കിൽ എന്തു കുറവു പ്രതീക്ഷിക്കുന്നു ;

(ഡി) മറ്റുചില സംസ്ഥാനങ്ങളിൽ ചെയ്തതുപോലെ ഇതു സംബന്ധിച്ച് നിയമനിർമ്മാണം നടത്താൻ ഉദ്ദേശിക്കുന്നുണ്ടോ ;

(ഇ) ഗവൺമെൻറ് ജീവനക്കാരെയും മറ്റും ചട്ടംമൂലം ഇതിനു നിർബന്ധിതരാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ ?

ആരോഗ്യമന്ത്രി (ശ്രീ. എൻ. കെ. ബാലകൃഷ്ണൻ) :

(എ) 2,22,500 വന്ധ്യംകരണ ശസ്ത്രക്രിയയും 77,500 ഐ. യു. സി. നിക്ഷേപവും, 67,000 പേരെക്കൊണ്ട് താല്ക്കാലിക മാർഗ്ഗങ്ങളും സ്വീകരിപ്പിക്കുകയുമാണ് ഇക്കൊല്ലത്തെ ലക്ഷ്യം.

(ബി) ഉണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(സി) ലക്ഷ്യം പൂർത്തിയാകുന്നതോടെ ഈ വർഷം 2,000 ജനനം മാത്രമേ ഒഴിവാക്കാൻ പറ്റൂ. ഇതു സ്വീകരിച്ചവരുടെ ഉല്പാദന ശേഷിയുള്ള വയസ്സിനകത്തായി 5.7 ലക്ഷത്തോളം ജനനങ്ങൾ ഒഴിവാക്കപ്പെട്ടു, ഈ കൊല്ലത്തേയ്ക്കുമാത്രം ജനന നിരക്കിൽ ആയിരത്തിന് 0.08 കുറവുണ്ടാകും.

(ഡി) ഇല്ല.

(ഇ) ഇല്ല.

ജയിലിലെ തടവുകാർക്ക് രോഗനിവാരണ നടപടി

* 82 [109] ശ്രീ. കെ. എ. ശിവരാമഭാരതി : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) തിരുവനന്തപുരം സെൻട്രൽ ജയിലിലെ തടവുകാർക്ക് ഫൈലേറിയ തുടങ്ങിയ രോഗങ്ങൾ ഉണ്ടാകുന്നതായി ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ഉണ്ടെങ്കിൽ അതു തടയുവാൻ എന്തെങ്കിലും നടപടികൾ ഗവൺമെന്റ് സ്വീകരിച്ചിട്ടുണ്ടോ ;

(സി) കൊതുക്, വെള്ളം തുടങ്ങിയവയിൽ കൂടിയാണ് ഈ രോഗം ഉണ്ടാകുന്നത് എന്നതുകൊണ്ട് ഈ കാര്യത്തിൽ എന്തെങ്കിലും നിവാരണ നടപടികൾ അടിയന്തിരമായും സ്വീകരിക്കുമോ ?

ആരോഗ്യമന്ത്രി (ശ്രീ. എൻ. കെ. ബാലകൃഷ്ണൻ) :

(എ) തിരുവനന്തപുരം സെൻട്രൽ ജയിലിലെ ചില തടവുകാർക്ക് ഫൈലേറിയ രോഗം ഉള്ളതായി ഗവൺമെന്റിന്റെ ശ്രദ്ധയിൽ പെട്ടിട്ടുണ്ട്.

(ബി) രോഗം ബാധിച്ചവർക്ക് ആവശ്യമായ ചികിൽസ നൽകി വരുന്നു.

(സി) മന്തുരോഗ സർവ്വേ നടത്തി രോഗ ബാധിതരെയെല്ലാം കണ്ടു പിടിച്ച് ചികിൽസ നൽകുന്നതിനും ആവശ്യമായ പ്രതിരോധ മാർഗ്ഗങ്ങൾ സ്വീകരിക്കുന്നതിനും വേണ്ട നടപടികൾ സ്വീകരിച്ചുവരുന്നു.

ഹോമിയോ കോളേജ് അദ്ധ്യാപകർക്ക് ഡയറക്ട് പേമെന്റ്

* 83 [110] ശ്രീ. പി. ഉണ്ണികൃഷ്ണപിള്ള : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഹോമിയോ കോളേജ് അദ്ധ്യാപകർക്ക് ഡയറക്ട് പേമെന്റ് നടപ്പിൽ വരുത്തുവാൻ അമാന്തിക്കുന്നതെന്തുകൊണ്ടാണ് ;

(ബി) മാനേജ്മെന്റിന്റെ ചൂഷണത്തിനു വിധേയരായ ഈ വിഭാഗം അദ്ധ്യാപകർക്ക് മറ്റു വിഭാഗത്തിൽപ്പെട്ടവർക്ക് ലഭിച്ചുകഴിഞ്ഞ ഡയറക്ട് പേമെന്റ് എന്ന ആനുകൂല്യം ലഭിക്കുവാനാവശ്യമായ നടപടി സ്വീകരിക്കുമോ ?

ആരോഗ്യമന്ത്രി (ശ്രീ. എൻ. കെ. ബാലകൃഷ്ണൻ) :

(എ, ബി.) ഈ പ്രശ്നം ഗവൺമെന്റിന്റെ പരിഗണനയിലാണ്.

മുനിസിപ്പാലിറ്റികളേക്കാൾ ധനാഗമമാർഗ്ഗമുള്ള പഞ്ചായത്തുകൾ

* 84 [111] ശ്രീ. ദാമോദരൻ കാളാശ്ശേരി : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണ മന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് മുനിസിപ്പാലിറ്റികളേക്കാൾ ധനാഗമമാർഗ്ഗമുള്ള പഞ്ചായത്തുകൾ എത്ര ;

LIBRARY ARCHIVES Kerala Legislative Assembly